# 21. ബോറോബുദൂർ

ലോകശില്പകലയുടെ അത്ഭുതസിദ്ധികളിൽ ഒന്നാണ് ബോറോബുദൂർ. ഇൻഡോനേഷ്യയിലെ ജാവാദ്വീപിന്റെ മധ്യത്തിൽ, യോഗ്യകർത്താ നഗരത്തിൽനിന്ന് നാല്പതുകിലോമീററർ (ഇരുപത്തഞ്ചുമൈൽ) ദൂരത്തിലാണ് ബൃഹത്തായ ഈ ബൗദ്ധചൈത്യം നിലകൊള്ളുന്നത്. ക്രിസ്ത്വബ്ദത്തിന്റെ ആരംഭശതകങ്ങളിൽ ഇന്ത്യയിൽനിന്ന് ഹിന്ദുമതവും ബുദ്ധമതവും ഇൻഡോനേഷ്യയിൽ വ്യാപിച്ചു. ശക്തരും ഉദ്ബുദ്ധരുമായിരുന്ന ഹിന്ദു—ബൗദ്ധചക്രവർത്തിമാർ ഈ പ്രദേശത്തു വിപുലങ്ങളായ സാമ്രാജ്യങ്ങൾ സ്ഥാപിക്കുകയും ഭാരതീയസംസ്കാരം പ്രചരിപ്പിക്കുകയും ചെയ്തു. ജന്മനാ ഇൻഡോനേഷ്യക്കാരായിരുന്നുവെങ്കിലും, ഇന്ത്യാക്കാരേക്കാൾ ഏറെ ഭാരതീയസംസ്കാരാഭിമാനം ഉൾക്കൊണ്ടിരുന്ന ഈ ചക്രവർത്തിമാരിൽ പ്രമുഖരായിരുന്നു ശൈലേന്ദ്രന്മാർ.

ശൈലേന്ദ്രവംശത്തിലെ ഒരു ചക്രവർത്തിയാണ്, ശാക്യമുനിയോടുള്ള ഭക്തിക്കും ആരാധനയ്ക്കും മൂർത്തരൂപം നൽകുന്നതിനുവേണ്ടി, ക്രിസ്തുവർഷം എണ്ണൂറാമാണ്ടിനടുത്ത് ബോറോബുദൂർ ചൈത്യം നിർമ്മിച്ചത്. ചെറിയ ഒരു കുന്നിനു മകുടം വയ്ക്കുന്ന ഈ മഹാക്ഷേത്രം കറുത്തു നരച്ച അഗ്നിപർവ്വതശിലകൊണ്ട് ഉണ്ടാക്കപ്പെട്ടിരിക്കുന്നു. സാധാരണ ഹിന്ദുക്ഷേത്രങ്ങളിൽ കാണുംപോലെ, ശ്രീകോവിലോ മററു മുറികളോ ഈ ചൈത്യത്തിൽ ഇല്ല. ശില്പസുന്ദരമായ ഒരു കുന്ന്—അതാണ് ബോറോബുദൂർ. നൂററി ഇരുപത്തൊന്നുമീററർ (നാനൂററിമൂന്നടി) നീളവും അത്രതന്നെ വീതിയുമുള്ള, ചതുരത്തിലുള്ള അസ്തിവാരത്തിൽ മേല്പോട്ടു മേല്പോട്ട് എട്ടു നിലകളായി ഈ ചൈത്യം പണിതുയർത്തിയിരിക്കുന്നു. മുകളിലേക്കു പോകുംതോറും വലിപ്പം കുറഞ്ഞു കുറഞ്ഞു വരുന്ന ഈ നിലകളിലേക്കു കയറാൻ പടവുകൾ കെട്ടിയുണ്ടാക്കിയിട്ടുണ്ട്. ഏററവും മുകളിലെ തട്ടിൽ (മുപ്പതുമീററർ നൂറ് അടി) ഉയരമുള്ള, കുടമണിയുടെ ആകൃതിപൂണ്ട, വലിയ ഒരു സ്തൂപം നിലകൊള്ളുന്നു.

താഴെയുള്ള നാലു നിലകളും ചതുരാകൃതിയിലാണ്. അവ ഓരോന്നിനെയും ചുററി, മേൽപ്പുരയില്ലാത്ത ഓരോ ഇടനാഴികൾ (പ്രദക്ഷിണവഴികൾ) ഉണ്ട്. ഇവയുടെ ചുവരുകളിൽ നിറയെ, അത്യധികം അലംകൃതങ്ങളും സങ്കീർണങ്ങളുമായ ഉദ്ഭൃത (റിലീഫ്) പ്രതിമാ—ശില്പങ്ങളാണ്. ബോധിസത്വന്മാരുടെ ദീനജനാനുകമ്പയും, നിർവ്വാണത്തിലേക്കുള്ള പ്രയാണത്തിലെ വിവിധ ഘട്ടങ്ങളും ചിത്രീകരിക്കുന്നവ. ഈ ശില്പങ്ങൾക്ക് ആകെ അഞ്ച് കിലോമീററരോളം നീളമുണ്ട്! ഇൻഡോനേഷ്യയിൽ പ്രചരിച്ചത് മഹായാനബുദ്ധമതമായിരുന്നു. നിർവ്വാണം നേടാമായിരുന്നിട്ടും അതു നേടാതെ, ലോകത്തിലെ ദുഃഖിതന്മാർക്കും അവശന്മാർക്കും ആശ്വാസം നൽകുന്നതിനുവേണ്ടി, വീണ്ടും വീണ്ടും ഭൂമിയിൽ പിറന്ന് ക്ലേശങ്ങൾ അനുഭവിക്കുന്ന ബോധിസത്വന്മാരെ ആരാധിക്കുന്നവരാണ് മഹായാനബുദ്ധമതക്കാർ.

ബോറോബുദൂർ ചൈത്യത്തിന്റെ ഓരോ നിലയും (തട്ടും) ബോധിസത്വന്മാരുടെ ആത്മീയവികാസത്തിലെ ഓരോ ഘട്ടങ്ങളെ ചിത്രീകരിക്കുന്നു. താഴെയുള്ള ശില്പങ്ങൾ കൂടുതൽ സംസാരികങ്ങളും, നിത്യജീവിതത്തിനു പററിയ സദാചാരപാഠങ്ങൾ ഉൾക്കൊള്ളുന്നവയുമാണ്. മുകളിലേക്കു മുകളിലേക്കുള്ള ശില്പങ്ങളാകട്ടെ, കൂടുതൽ ആദ്ധ്യാത്മികങ്ങളാണ്. അവ കൂടുതൽ സൂക്ഷ്മതയും ഏകാഗ്രതയുമുള്ള ശൈലിയിൽ രചിക്കപ്പെട്ടി

രിക്കുന്നു. ഭൗതികജീവിതത്തിലെ പല സാധാരണ വസ്തുക്കളും—കെട്ടിടങ്ങൾ, കപ്പലുകൾ, ആയുധങ്ങൾ, സംഗീതയന്ത്രങ്ങൾ, ഗൃഹോപകരണങ്ങൾ—ഇവയിൽ സ്വാഭാവികതയോടെ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ഗുപ്തചക്രവർത്തിമാരുടെകാലത്തും അതിനു തൊട്ടടുത്തും ഇന്ത്യയിൽ വികസിച്ച ശിൽപ്പകലയുടെ സ്വാധീനം ഉൾക്കൊള്ളുന്ന ഈ ഉദ്ഭുതശില്പങ്ങളുടെ സൗമ്യംഭാവും വർത്തുളങ്ങളും പ്രവാഹശീലങ്ങളുമായ ബാഹ്യരേഖകൾ അസീമമായ സമൃദ്ധിയുടെയും അദ്വിതീയമായ ശാന്തിയുടെയും ബോധം പ്രേക്ഷകരിൽ ഉളവാക്കുന്നതായി കലാനിരൂപകന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

ബോറോബുദൂർ ചൈത്യത്തിന്റെ മുകളിലെ മൂന്നു നിലകൾക്കു ചുററും ഭിത്തിയില്ലാത്ത പ്രദക്ഷിണവഴികളാണുള്ളത്. വൃത്താകൃതിയിലാണ് ഈ മൂന്നു നിലകൾ. സാംസ്കാരികജീവിതത്തിൽനിന്നു ഉയർന്നുനില്ക്കുന്ന നിർവ്വാണമേഖലയെ ഈ നിലകൾ പ്രതിനിധാനംചെയ്യുന്നു. ഏററവും മുകളിലെ മഹാസ്തൂപത്തിനു ചുററുമായി എഴുപത്തിരണ്ട് ചെറിയ സ്തൂപങ്ങൾ ഉണ്ട്. ഇന്ത്യയിലെ സാഞ്ചിസ്തൂപത്തിലും മററും കാണുന്നമാതിരി കല്ലിൽ കൊത്തിയെടുത്ത അഴിപ്പണി (ലാററിസ്‌വർക്ക്) ആണ് ഇവയ്ക്കു ചുററും. ഈ സ്തൂപങ്ങളിലെല്ലാം ശാക്യമുനിയുടെ (ബുദ്ധന്റെ) വലിയ ശിലാവിഗ്രഹങ്ങളുണ്ട്.

'മഹായാന മതസിദ്ധാന്തങ്ങളുടെ ശിലാരൂപത്തിലുള്ള ഒരു സംഗ്രഹം' എന്നു ബോറോബുദൂർ വിവരിക്കപ്പെട്ടിട്ടുണ്ട്. അതിലെ മധ്യസ്തൂപം പ്രപഞ്ചകേന്ദ്രമായ മേരുവിനെ പ്രതിനിധാനംചെയ്യുന്നു. ബൗദ്ധരുടെ വിശ്വാസത്തിൽ ബാഹ്യലോകം മനസ്സിന്റെ സൃഷ്ടിയാണ്. സംസാരാതീതമായ നിർവ്വാണാവസ്ഥയാണ് ജീവിതത്തിന്റെ പരമലക്ഷ്യം; പരിപൂർണമായ സ്വാർത്ഥത്യാഗത്തിലൂടെയും സർവ്വഭൂതാനുകമ്പയിലൂടെയും, ആർക്കും നിർവ്വാണം നേടാം. ബോറോബുദൂർസ്തൂപം ബാഹ്യലോകത്തെയും നിർവ്വാണാവസ്ഥയെയും, നിർവ്വാണത്തിലെത്തുന്നതിനുള്ള മാർഗ്ഗത്തെയും അദ്വിതീയമായ സൗന്ദര്യത്തോടെ ചിത്രീകരിക്കുന്നു.

ഇൻഡോനേഷ്യയിൽ ബുദ്ധമതപ്രഭാവം അസ്തമിക്കുകയും, നാട്ടുകാരിൽ ഭൂരിപക്ഷവും ഇസ്ലാം സ്വീകരിക്കുകയും ചെയ്തിട്ടും, ബോറോബുദൂർ ചൈത്യം, കേടൊന്നും കൂടാതെ, നൂററാണ്ടുകളിലൂടെ നിലനിന്നു. എങ്കിലും, പെയ്ത്തുവെള്ളം കിനിഞ്ഞിറങ്ങി അതുണ്ടാക്കിയ ആഗ്നേയശിലകൾ ക്രമേണ ദ്രവിച്ചുകൊണ്ടിരുന്നു. ഇൻഡോനേഷ്യ കീഴടക്കി, അവിടെ ഒരു സാമ്രാജ്യം സ്ഥാപിച്ച ഡച്ചുകാർ 1907–ാമാണ്ടുമുതൽ 1911–ാമാണ്ടുവരെയുള്ള നാലു വർഷങ്ങളിൽ, കേടുപാടുകൾ തീർത്തു് ബോറോബുദൂറിന്റെ പ്രാചീനസൗന്ദര്യം വീണ്ടും സ്ഥാപിച്ചു.

സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇൻഡോനേഷ്യൻ സർക്കാരിന്റെ ശ്രദ്ധ ബോറോബുദൂറിൽ പതിഞ്ഞു. 1975–ൽ ഇൻഡോനേഷ്യൻ ഗവണ്മെൻറ് ഈ ശില്പം പുനരുദ്ധരിക്കുന്നതിനുള്ള ശ്രമം ആരംഭിച്ചു. ഐക്യരാഷ്ട്ര വിദ്യാഭ്യാസ–സാംസ്കാരിക സമിതി (യുനെസ്കോ) ബോറോബുദൂറിന്റെ പുനരുദ്ധാരണത്തിന് ഉദാരമായ സാമ്പത്തിക–സാങ്കേതിക–സഹകരണം നൽകി.

ഇത്രയും നല്ലകാര്യം. ഇനി പറയാനുള്ളതു് വളരെ ചീത്തയായ ഒരു കാര്യമാണ്.

ഇക്കഴിഞ്ഞ ജനുവരി അവസാനത്തെ ആഴ്ചയിൽ ബോറോബുദൂർ ചൈത്യത്തിന്റെ മുകളിലുള്ള സ്തൂപങ്ങൾ കരുതിക്കൂട്ടി ബോംബുവെച്ചു പൊട്ടിച്ച് തകർക്കപ്പെട്ടു. ആയിരത്താണ്ടുകളുടെ കൊടുംവേനലുകളെയും പെരുമഴപെയ്ത്തുകളെയും അനേകം അഗ്നിപർവ്വതസ്ഫോടനങ്ങളെയും

പല രാഷ്ട്രീയ സാമൂഹ്യക്ഷോഭങ്ങളെയും അതിജീവിച്ച്, അത്ഭുതാവഹമായ ആരോഗ്യവും സൗന്ദര്യവും പുലർത്തി നിലനിന്നുവന്ന ബോറോബുദൂർ ചൈത്യത്തിൽ എട്ടു പൊട്ടിത്തെറികളുണ്ടായി. മനുഷ്യവർഗത്തിന്റെ മഹാപൈതൃകമായ ബോറോബുദൂർ ചൈത്യം ഏതാനും മിനിററുകൾക്കകം തകർന്നു തരിപ്പണമായി.

പൊട്ടിത്തെറികളിൽ ആരും മരിച്ചില്ല. എന്നാൽ, പ്രാചീന ബൗദ്ധ ശിൽപ്പകലയുടെ സർവ്വോത്തമമാതൃകയെന്ന നിലയിൽ കമ്പൂച്ചിയയിലെ അങ്കോർവാട്ട് സ്തൂപത്തോട് കിടപിടിക്കുന്ന ബോറോബുദൂർ ചൈത്യം പുനരുദ്ധരിക്കുന്നതിനു് അന്താരാഷ്ട്ര സഹകരണത്തോടെ രണ്ടരക്കോടി ഡോളർ ചെലവുചെയ്തു് പത്തു വർഷങ്ങളായി നടന്നുകൊണ്ടിരുന്ന ശ്രമങ്ങൾ, ഈ ബോംബുസ്ഫോടനം നിമിത്തം നിഷ്ഫലങ്ങളായിത്തീർന്നു എന്നു്, 1985 ഫെബ്രുവരി 4-ാംതീയതിയിലെ 'ന്യൂസ്‌വീക്ക്' വാരിക രേഖപ്പെടുത്തുന്നു.

'ദേശാഭിമാനമില്ലാത്ത തീവ്രമതവാദികൾ (ഫനററിക്കു്) ആണ് ഈ പാതകം നടത്തിയതു്' എന്നു് ഇൻഡോനേഷ്യയുടെ പ്രസിഡണ്ട് സുഹാർത്തോ പറഞ്ഞു. അഞ്ചുപേരെ പോലീസ് സംശയിച്ച് അറസ്റ്റ്ചെയ്തിട്ടുണ്ട്. ഇവർ മുസ്ലീം തീവ്രവാദികളാണെന്നു കരുതപ്പെടുന്നു. കഴിഞ്ഞ ആണ്ടിൽ ജക്കാർത്തയിൽ നടന്ന ഏതാനും ബോംബുപ്രയോഗങ്ങൾ സംബന്ധിച്ച രണ്ടു കേസുകളിൽ മുസ്ലീം തീവ്രവാദികളെ ഇൻഡോനേഷ്യയിൽ വിചാരണചെയ്തുവരികയാണ്. ഈ വിചാരണയുമായി ബോറോബുദൂറിലെ ബോംബാക്രമണത്തിനു ബന്ധമുണ്ടാവാമെന്നു് ഇൻഡോനേഷ്യൻ അധികൃതർ കരുതുന്നു.

ബോംബാക്രമണംകൊണ്ടു ബോറോബുദൂർ ചൈത്യത്തിനുണ്ടായ കേടുപാടുകൾ പരിഹരിക്കുവാൻ ഉടൻ നടപടികളെടുക്കുമെന്നു് ഇൻഡോനേഷ്യൻ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷേ, ഈ കാലഘട്ടത്തിലെ ജനവികാരങ്ങൾ കണക്കിലെടുക്കുമ്പോൾ, ഇനി ഒരു ആയിരത്താണ്ടു കൂടി ബോറോബുദൂർ നിലനിന്നുകാണുന്നതിനുള്ള സാധ്യത വിരളമാണ് എന്നു 'ന്യൂസ് വീക്ക്' വാരിക രേഖപ്പെടുത്തുന്നു.

'വ്യാപാരമേ ഹനനമാം വനവേടനുണ്ടോ
വ്യാപന്നമായ് കഴുകനെന്നു, കപോതമെന്നും?'

31–3–1985

# 22. യിഡ്ഡിഷ്: ക്ഷയോന്മുഖമായ ഒരു ഭാഷ

യെരുശലേമിലെ വിശുദ്ധക്ഷേത്രം റോമാക്കാർ നശിപ്പിച്ചതിനെത്തുടർന്നു്, ക്രിസ്തുവർഷത്തിന്റെ ഒന്നും രണ്ടും ശതകങ്ങളിൽ, ജൂതന്മാർ ലോകത്തിന്റെ പല ഭാഗങ്ങളിലുമായി ചിതറിപ്പോയി. 'ഡയസ്പോറ' എന്നു വിളിക്കപ്പെടുന്ന ഈ സംഭവം നടന്നു് ആയിരത്തെണ്ണൂറു വർഷങ്ങൾക്കു ശേഷമാണ്, തുർക്കിസാമ്രാജ്യത്തിന്റെ നഷ്ടാവശിഷ്ടങ്ങളിൽ 'ഇസ്രായേൽ' എന്ന ഒരു ദേശീയരാഷ്ട്രത്തെ 1948-ൽ ജൂതജനത നേടിയെടുത്തതു്.

ഹീബ്രു ആയിരുന്നു പണ്ടത്തെ ജൂതരുടെ ദേശീയഭാഷ. ബൈബിളിലെ 'പഴയ നിയമം' എഴുതിയിട്ടുള്ളതു് ഈ ഭാഷയിലാണ്. മററു